ഉത്തരം

(എ) ഉണ്ട്.

(ബി) പട്ടിക അനുബന്ധമായി† ചേർത്തിട്ടുണ്ട്.

(സി) 1. മൂന്നു വർഷത്തിൽ കുറയാതെ പ്രവർത്തനമുള്ളതായിരിക്കണം.

2. യന്ത്രസാമഗ്രികൾ, കെട്ടിടം തുടങ്ങിയ ആവശ്യങ്ങൾക്കു മുൻഗണന.

3. സർക്കാരിൽനിന്നോ ജില്ലാ പഞ്ചായത്തിൽനിന്നോ മുൻകാലങ്ങളിൽ സഹായം ലഭിക്കാത്ത സംഘങ്ങൾ.

4. അന്വേഷണം/നിയമനടപടി നേരിടുന്ന സംഘങ്ങളെ ഒഴിവാക്കും.

5. അംഗീകൃത പെയ്ഡ് സെക്രട്ടറിയുള്ള സംഘങ്ങൾക്കു മാത്രം പരിഗണന. ഇവയാണ് മാനദണ്ഡം.

(ഡി) ആക്ഷേപമുണ്ടായിട്ടില്ല.

65 (1816) പഞ്ചായത്തുകളിലെ കമ്പ്യൂട്ടറുകളും ഫോട്ടോസ്റ്റാറ്റ് മെഷീനുകളും

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ജില്ലാ/ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുകളിൽ കമ്പ്യൂട്ടറുകൾ സ്ഥാപിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) കമ്പ്യൂട്ടറുകൾ സ്ഥാപിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്;

(സി) സംസ്ഥാനത്ത് ഗ്രാമപഞ്ചായത്തുകൾക്ക് ഫോട്ടോസ്റ്റാറ്റ് മെഷീൻ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പഞ്ചായത്തുകൾക്ക് ഇത് നൽകിയിട്ടുണ്ട്; ഇതിനായി ഗ്രാമ പഞ്ചായത്തുകൾ എത്ര സംഖ്യ സർക്കാരിന് നൽകിയിട്ടുണ്ട്;

(ഡി) ഫോട്ടോസ്റ്റാറ്റ് മെഷീൻ ഏത് സ്ഥാപനമാണ് വിതരണം ചെയ്യുന്നത്; ഇത് നൽകുന്നതിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണ്;

(ഇ) തൃശ്ശൂർ ജില്ലയിലെ ചാഴൂർ ഗ്രാമപഞ്ചായത്ത് ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങുന്നതിന് എത്ര സംഖ്യ അടച്ചു; എന്നാണ് സംഖ്യ അടച്ചത്; ഇവർക്ക് മെഷീൻ എന്ന് നൽകും എന്ന് വ്യക്തമാക്കാമോ;

ഉത്തരം

(എ) ചില ഗ്രാമപഞ്ചായത്തുകളിൽ കമ്പ്യൂട്ടർ സ്ഥാപിച്ചിട്ടുണ്ട്. കണക്ക് ലഭ്യമല്ല. ജില്ലാ പഞ്ചായത്തുകളിലേയും ബ്ലോക്ക് പഞ്ചായത്തുകളിലേയും വിവരം ശേഖരിച്ചുവരുന്നു.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കമ്പ്യൂട്ടർ സ്ഥാപിക്കുന്നതിനായി ഗ്രാമപഞ്ചായത്തുകൾ ചെലവഴിച്ച തുകയുടെ വിവരം ലഭ്യമല്ല.

(സി) ഫോട്ടോസ്റ്റാറ്റ് മെഷീൻ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഒരു പഞ്ചായത്തുകൾക്കും ഇതുവരെ മെഷീൻ നൽകിയിട്ടില്ല. ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങുന്നതിന്‌വേണ്ടി 6.4.99 വരെ സംസ്ഥാനത്തെ 686 ഗ്രാമപഞ്ചായത്തുകളിൽ നിന്നും, ഒരു ലക്ഷം രൂപ വീതമുള്ള ഡിമാന്റ് ഡ്രാഫ്റ്റ് പഞ്ചായത്ത് ഡയറക്ടർക്ക് ലഭിച്ചിട്ടുണ്ട്.

(ഡി) വിതരണം നടത്തിയിട്ടില്ല. നടപടികൾ സ്വീകരിച്ചുവരുന്നു. സ്റ്റോർ പർച്ചേയ്സ് റൂളിന് വിധേയമായിട്ടാണ് മെഷീൻ വാങ്ങേണ്ടത്. അതിനാലാണ് കാലതാമസം നേരിടുന്നത്.

(ഇ) 1,00,000 രൂപ അടച്ചു. 24.6.98-ന് ടി. തുകയ്ക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റ് പഞ്ചായത്ത് ഡയറക്ടറാഫീസിൽ നൽകി. ഇവർക്ക് മെഷീൻ നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് നൽകുന്നതാണ്.

എൻ.ബി: കുമരകം പഞ്ചായത്തിൽ സി.-ഡിറ്റ് കമ്പ്യൂട്ടർ നൽകിയിട്ടുണ്ട്. വൈദ്യുതീകരണ ചെലവ് പഞ്ചായത്ത് വഹിച്ചിട്ടുണ്ട്. മറ്റുചില പഞ്ചായത്തുകളിൽ വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഭാഗമായി കമ്പ്യൂട്ടർ സ്ഥാപിച്ചിട്ടുണ്ട്.

66 (1817) പഞ്ചായത്തുകളിൽ ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങാൻ നടപടി

ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1997-98 സാമ്പത്തികവർഷത്തിൽ പഞ്ചായത്തുകളിൽ ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങുന്നത് സംബന്ധമായി പഞ്ചായത്ത് ഡയറക്ടറോ സർക്കാരോ എന്തെങ്കിലും നിർദ്ദേശം നൽകിയിരുന്നുവോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഇതുവരെ എത്ര മെഷീനുകൾ വാങ്ങി;

(ഡി) എന്ത് തുക വീതമാണ് പഞ്ചായത്തുകൾ ഡയറക്ടർക്ക് നൽകിയത്;

(ഇ) ഇതിന്മേൽ തീരുമാനം എടുക്കാൻ കാലതാമസം ഉണ്ടാകാനുള്ള കാരണം എന്താണ്;

(എഫ്) എപ്പോൾ ഈ മെഷീനുകളുടെ വിതരണം ആരംഭിക്കുമെന്നും എന്നത്തേയ്ക്ക് പൂർത്തിയാക്കുമെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നൽകിയിരുന്നു.

(ബി) ഗ്രാമപഞ്ചായത്തുകൾക്ക് സ്വന്തമായി ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങുന്നതിനുവേണ്ടി. ആവശ്യമുള്ള ഗ്രാമപഞ്ചായത്തുകൾ 1997-98-ലേയോ 1998-99-ലേയോ പദ്ധതിവിഹിതത്തിൽനിന്നും ഒരു ലക്ഷം രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് പഞ്ചായത്ത് ഡയറക്ടർക്ക് നൽകണമെന്ന് പഞ്ചായത്ത് ഡയറക്ടറുടെ ഓഫീസിൽ നിന്നും നിർദ്ദേശം നൽകിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly